**KERALA POLICE INFORMATION CENTRE**
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.141/PR/PIC/PHQ/18 Date : 05.06.2018

# ലോക പരിസ്ഥിതിദിനം ആചരിച്ചു

ലോക പരിസ്ഥിതി ദിനാചരണ ഭാഗമായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും വൃക്ഷത്തൈകൾ നടലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും മറ്റ് വിവിധ പരിസ്ഥിതി സംരക്ഷണ പരിപാടികളും നടന്നു.

പോലീസ് ആസ്ഥാനത്ത് നടന്ന ദിനാചരണ പരിപാടികൾക്ക് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നേതൃത്വം നൽകി. രാവിലെ 11.00 ന് ജീവനക്കാർ പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലി. എ.ഡി.ജി.പി. എസ് ആനന്ദകൃഷ്ണൻ പ്രതിജ്ഞ ചൊല്ലികൊടുത്തു. ചന്ദനം, നെല്ലി, പേര, മഹാഗണി തുടങ്ങിയ വൃക്ഷത്തൈകളാണ് പോലീസ് ആസ്ഥാനത്ത് നട്ടത്. എ.ഡി.ജി.പി. ഡോ.ഷേക് ദർവേഷ് സാഹിബ്, ഐ.ജി. മാരായ ദിനേന്ദ്ര കശ്യപ്, പി വിജയൻ എന്നിവരും വൃക്ഷത്തൈകൾ നട്ടു.

**ഫോട്ടോ ക്യാപ്ഷൻ** : ലോക പരിസ്ഥിതി ദിനാചരണ ഭാഗമായി പോലീസ് ആസ്ഥാനത്ത് നടന്ന പരിപാടികൾക്ക് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നേതൃത്വം നൽകിയപ്പോൾ.

********



